വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

# വാർഷിക മൂല്യനിർണയം 2017–18

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് : 6 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
- ആകെ ആറ് ചോദ്യങ്ങളാണ് ഉള്ളത്. ഇതിൽ അഞ്ചെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.

---

പ്രവർത്തനം 1 - പരിചയപ്പെടുത്തൽക്കുറിപ്പ്



- 1927 ഫെബ്രുവരി 17 ന് പന്ന്യന്നൂരിൽ ജനനം
- തായാട്ടു ശങ്കരൻ, തായാട്ടുബാലൻ എന്നിവർ സഹോദരങ്ങൾ
- അധ്യാപകൻ, ഗുമസ്തൻ എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ സ്തുത്യർഹ സേവനം
- നാം ചങ്ങലപൊട്ടിച്ച കഥ, ജനുവരി മുപ്പത്, പുത്തൻ കനി
- 2011 ഡിസംബർ 5 ന് അന്തരിച്ചു

'സാഹിത്യകാരനെ പരിചയപ്പെടാം' എന്ന പരിപാടിയുടെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ കെ. തായാട്ട് എന്ന സാഹിത്യകാരനെ പരിചയപ്പെടുത്താൻ സഹായിക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കൂ.

## പ്രവർത്തനം 2 - കഥാപാത്രനിരൂപണം

www.educationobserver.com/forum

**സ്ത്രീ (തള്ളവിരൽ ഇല്ലാത്ത ഗ്രാമം)**

- ഭർത്താവിന്റെ അകാല നിര്യാണത്തിൽ അതിയായി ദുഃഖിക്കുന്നവൾ
- വികൃതരൂപം, ദൈന്യത നിഴലിക്കുന്ന മുഖം, വളകളില്ല, വെള്ളവസ്ത്രധാരി
- ബ്രിട്ടീഷ് ഭരണകൂടത്തിന്റെ കൊടും ക്രൂരതയ്ക്കെതിരെ പ്രതിഷേധം മനസിൽ സൂക്ഷിക്കുന്നവൾ
- ജീവിതം ക്ലേശപൂർണമെങ്കിലും മര്യാദയുള്ളവൾ
- അകാലത്തിൽ ഭർത്താവ് നഷ്ടപ്പെട്ട നിസ്സഹായ

ആനന്ദിന്റെ 'ഗോവർധന്റെ യാത്രകൾ' എന്ന നോവലിലെ 'സ്ത്രീ' എന്ന കഥാപാത്രത്തിന്റെ ചില സവിശേഷതകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നോവലിൽ കഥാപാത്രത്തിന്റെ സ്ഥാനം കൂടി പരിഗണിച്ച് ഒരു കഥാപാത്ര നിരൂപണം തയാറാക്കൂ.

## പ്രവർത്തനം 3 - താരതമ്യക്കുറിപ്പ്

കുഞ്ഞുമോന്റെ തളിരിളം ചുണ്ടിൽ
കൊഞ്ചകുമ്പിക്കുസൃതി വിരിഞ്ഞും
ചിറ്റുളിപ്പല്ലമർത്തിയെൻ തോളിൽ
കൊച്ചുപൂവിൻ പടങ്ങൾ വരഞ്ഞും.
പിച്ചവച്ചു പിരണ്ടോടി വീണി -
ട്ടച്ഛനെ നോക്കിക്കണ്ണീർ പൊഴിഞ്ഞും
നിൽക്കുമോമനക്കണ്ണാ നീ നിൽക്കു
അച്ഛനെത്തട്ടെ നിന്നരികത്തിൽ
നിൽക്കുമോമനച്ചന്തമേ നിൽക്കൂ
അച്ഛനീയുടുപ്പൊന്നു മാറ്റട്ടെ
ഉഷ്ണമാണെന്റെ മക്കളേ ദേഹ-
ത്തുപ്പുനാറും, തുടച്ചിട്ടെടുക്കാം.

ഊഞ്ഞാൽപ്പാട്ട് — കടമ്മനിട്ട

### ഭാഗ്യവാൻ

ഓഫീസിൽ പോകാനുള്ള മമ്മിയുടെ തിരക്കും പപ്പ കേറി പോകുന്ന കാറിന്റെ ശബ്ദവും കേട്ടാണ് വിച്ചു ഉണർന്നത്. രാത്രി പപ്പയും മമ്മിയും വന്നത് അവൻ അറിഞ്ഞിരുന്നില്ല. ജോലിത്തിരക്ക് കാരണം അവർ എന്നും വൈകിയേ വരൂ. വിച്ചുവിന്റെ കാര്യങ്ങളെല്ലാം നോക്കാൻ ഒരു ആയയെ വച്ചിട്ടുണ്ട്. വീട്ടിൽ കാറുണ്ട്, ബൈക്കുണ്ട്. വിച്ചുവിന് എല്ലാം വാങ്ങി കൊടുക്കും. എന്തും ചെയ്തു കൊടുക്കാൻ ഒരുആയ പോലും ഉണ്ട്. സ്കൂളിൽ എന്നും കുട്ടികൾ പറയും "വിച്ചു എത്ര ഭാഗ്യവാനാണ്!".

വിച്ചു കിടക്കയിൽ നിന്നെഴുന്നേറ്റ് ജാലകത്തിലൂടെ പുറത്തേക്കു നോക്കി. തൊട്ടപ്പുറത്തെ കൊച്ചു വീട്ടിൽ കുട്ടിയെ നെറ്റിയിൽ ചുംബിച്ച് റ്റാറ്റാ പറഞ്ഞു സ്കൂളിലേയ്ക്കയക്കുന്ന അമ്മയെ അവൻ ഏറെ നേരം നോക്കി നിന്നു. അവന്റെ കുഞ്ഞു കവിളിലൂടെ കണ്ണീരൊഴുകി.വിച്ചു ഏകനായി തേങ്ങി. ആ തേങ്ങലിൽ പോലും ആരുടെയും സ്നേഹം ലഭിച്ചില്ല. "വിച്ചൂ.... " ആയയുടെ വിളി കേട്ട് അവൻകണ്ണു തുടച്ചു. അന്നും സ്കൂളിൽ കുട്ടികൾ അവനെപ്പറ്റി പറയുന്നത് അവൻ കേട്ടു "വിച്ചു എത്ര ഭാഗ്യവാനാണ്..... കാറും ബൈക്കും വലിയ വീടും, വലിയ ജോലിക്കാരായ അച്ഛനും അമ്മയും!"

കഥ — ചിത്ര. എം, 7-ാം തരം

കഥയും കവിതയും വായിച്ചല്ലോ. കഥയിലെയും കവിതയിലേയും ആശയം ഒന്നു തന്നെയാണോ? ആശയങ്ങൾ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയാറാക്കൂ.

**പ്രവർത്തനം 4 - ആസ്വാദനം തയാറാക്കുക**

പുഞ്ചകൊയ്തേ കളം നിറഞ്ഞേ എന്ന നാടൻ പാട്ടിൽ കാർഷിക കേരളത്തെയാണ് അവതരിപ്പിക്കുന്നത്. മറ്റൊരു കവിത നോക്കൂ.

www.educationobserver.com/forum

നെല്ലിൻ തോളിലാക്കൈവെച്ചു നിന്നു
നെല്ലിപ്പൂവൊക്കെക്കണ്ണുതുറന്നു
ചിന്നും വെൺമുകിൽക്കേസരം പോലേ
മിന്നും ചിങ്ങത്തെക്കാണുവാൻ മേലെ
പൊന്നിൻ കുത്തുവിളക്കുമായ് വന്നു
മുന്നിൽ മുക്കുറ്റി ചാലേ നിരന്നു;
പൂവിൽ മുങ്ങിന പൊന്നോണനാളെ
പൂർണ്ണാമോദമെതിരേൽക്കാൻ നീളെ
ചെമ്പൊൽത്താമര പൊൻകുട നീർത്തീ,
ആമ്പൽപൊയ്കകൾ താലമുയർത്തീ
തുമ്പപ്പൂവാരി വാരിയെറിഞ്ഞു
തുമ്പം തൻ നിഴൽപോലുമൊഴിഞ്ഞു
തെച്ചി, മന്ദാരം, ചേമന്തി, പാറും
പിച്ചി, യീവകപ്പൂവുകൾ തോറും
നൃത്തം ചെയ്യുന്നു കേരളനാടിൻ
ചിത്തം ചന്ദനത്തെന്നലിൽക്കൂടി!
വാനിന്നേവമസൂയ വളർത്തി
വാഴ്ക, മാവേലി മംഗളമൂർത്തി.

- ജി.ശങ്കരക്കുറുപ്പ്

(ഇളം ചുണ്ടുകൾ)

*കേസരം - പൂമ്പൊടി*
*ചാലേ - ഭംഗിയായി*
*ആമോദം - സന്തോഷം*
*തുമ്പം - ദു:ഖം*
*ചിത്തം - മനസ്*

പ്രകൃതിയുടെ നിറപ്പകിട്ടാർന്ന വർണ്ണനയാണ് ഈ കവിത. കവിതയ്ക്ക് ഒരു ആസ്വാദനം തയാറാക്കൂ.

**പ്രവർത്തനം 5 - കുറിപ്പ് തയാറാക്കുക**

എ) തന്നിട്ടുള്ള ശൈലികളുടെ ആശയം വിശദമാക്കുന്ന തരത്തിൽ ലഘുകുറിപ്പെഴുതുക.

1) തേടിയ വള്ളി കാലിൽ ചുറ്റിയ പോലെ
2) വേലി തന്നെ വിളവു തിന്നുക.

ബി) മാതൃക പോലെ മാറ്റി എഴുതുക

*വൃക്ഷക്കൊമ്പ്* - *വൃക്ഷത്തിന്റെ കൊമ്പ്*
വാതിൽപ്പടി -

**പ്രവർത്തനം 6 - കത്ത്**

മഴ ചറുപിറുന്നനെ പെയ്യുന്ന ഒരു പുലരിയിലേക്കാണ് അവൾ മിഴി തുറന്നത്. തണുക്ക്ണു. സംഗീതചേച്ചിയുടെ പഠനമുറിയിൽ പാതിരാവുവരെ വെളിച്ചമുണ്ടായിരുന്നു. ഇപ്പോൾ വീടും ഉറങ്ങിക്കിടക്കുന്നു. അവൾക്ക് ജനൽ തുറന്ന് പുറത്തേക്കു നോക്കണം. കൊളുത്തൂരി. അവിടെ കണ്ട കാഴ്ച കരളലിയിപ്പിച്ചു. അനാഥക്കുഞ്ഞുങ്ങളെപ്പോലെ മഴ നനഞ്ഞു കിടക്കുന്ന ഉണക്കത്തേങ്ങകൾ. മുഖം കരിഞ്ഞ്. കണ്ണീരൊലിപ്പിച്ച്, ആരും തിരിഞ്ഞു നോക്കാതെ...

എ) ശങ്കരണ്ണന്റെ കൂടെ പുതിയനാട്ടിൽ വന്ന ശേഷം ഉണ്ടായ വിശേഷങ്ങൾ അപ്പനോടും അമ്മയോടും പറയാൻ അവൾക്ക് തിടുക്കമായി...

എന്തൊക്കെ വിശേഷങ്ങളായിരിക്കും അക്കമ്മ അവരെ എഴുതി അറിയിച്ചിട്ടുണ്ടാവുക? കത്ത് തയാറാക്കുക.

ബി) പറയിപെറ്റ പന്തിരുകുലത്തിലെ ആദ്യസന്തതി ആര്?
(നാറാണത്തു ഭ്രാന്തൻ, മേഴത്തോൾ അഗ്നിഹോത്രി, പാക്കനാർ)